പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4678 | 26-06-2019-ലെ മറുപടിയ്ക്ക്

## വിളകൾക്കായി പ്രത്യേക ഇക്കണോമിക് സോണുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | കാലാവസ്ഥ, ഭൂമിയുടെ തരവും കിടപ്പും ജലലഭ്യത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ വിളകളുടെ കൃഷി വ്യാപകമാക്കുന്നതിന് നെല്ല്, വാഴ, പച്ചക്കറി, പൂക്കൾ, നാളികേരം എന്നീ വിളകൾക്കായി പ്രത്യേക ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ടോ; ഇതുകൊണ്ട് കൈവരിക്കാനായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | **(എ)** | അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1-5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉത്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടേയും, അനുയോജ്യത മുതലായവ അടിസ്ഥാനമാക്കി പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വിളയുടെയും കൃഷിയ്ക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉത്പാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുക്കുന്നത്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. 5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>അട്ടപ്പാടി ഉൾപ്പെടെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ട്രൈബൽ അഗ്രികൾച്ചറിനായി ഒരു പ്രത്യേക കാർഷികമേഖലയും രൂപീകരിച്ചിട്ടുണ്ട്.<br>പ്രത്യേക കാർഷിക മേഖലകളിൽ അതാത് വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉത്പാദനം കൈവരിക്കുവാനും വിളവെടുപ്പിനു ശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ഉറപ്പാക്കി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പു വരുത്തുക എന്നീ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| **(ബി)** | മണ്ണിന്റെ ഗുണം പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും | **(ബി)** | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ |

| | | | |
|---|---|---|---|
| | വിള ആരോഗ്യ പരിപാലനത്തിനും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ; | | അഗ്രിക്കൾച്ചർ -സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു വരുന്നു. ഈ പദ്ധതി പ്രകാരം മണ്ണുപരിശോധനശാലകളിൽ മണ്ണിന്റെ അമ്ലത, വൈദ്യുത ചാലകത, ജൈവ കാർബണിന്റെ അളവ്, ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്ക് പുറമെ സൂക്ഷ്മ മൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശുപാർശ ചെയ്യുന്നു.<br>വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ അഭാവം അല്ലെങ്കിൽ വിളകൾക്കുണ്ടാകുന്ന ദോഷങ്ങൾ എന്നിവ ഫീൽഡുതല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിന് ആവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്നിവയ്ക്കായി വിള ആരോഗ്യ പരിപാലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| **(സി)** | കർഷകരുടെ വിലപേശൽ ശേഷി വർദ്ധിപ്പിക്കുന്നതിനു ശീതീകരണ സൗകര്യത്തോടുകൂടിയ വെയർഹൗസുകൾ നിർമ്മിക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ പ്രോത്സാഹനത്തിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | **(സി)** | കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികളായ ആനയറ, മൂവാറ്റുപുഴ, നെടുമങ്ങാട്, മരട്, വേങ്ങേരി, സുൽത്താൻബത്തേരി എന്നിവിടങ്ങളിൽ നിലവിൽ ശീതീകരണ സംവിധാനങ്ങൾ ഉണ്ട്.<br>മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ പ്രോത്സാഹനത്തിന് SFAC മുഖേന സൂക്ഷ്മതല ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകിവരുന്നുണ്ട്. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ബാങ്ക് എൻഡ് സബ്സിഡിയായി ആനുകൂല്യം നൽകിവരുന്നുണ്ട്. 25 ലക്ഷം രൂപ ചെലവുവരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് ആകെ മൂലധന ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപയും 25 ലക്ഷം മുതൽ 10 കോടിവരെ ചെലവുവരുന്ന സംരംഭങ്ങൾക്ക് കെട്ടിടത്തിനും യന്ത്ര സാമഗ്രികൾക്കും സാങ്കേതിക വിദ്യയ്ക്കും ചെലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നൽകിവരുന്നുണ്ട്.<br>കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ ഫാം, വേങ്ങേരി കാർഷിക മൊത്ത വ്യാപാര |

| | | | |
|---|---|---|---|
| | | | വിപണി എന്നിവിടങ്ങളിൽ 2 നാളികേരാധിഷ്ഠിത അഗ്രോ പാർക്കുകളും തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ ബനാന-ഹണി പാർക്കും, പാലക്കാട് ജില്ലയിലെ മുതലമടയിൽ മാംഗോ പാർക്കും, ഇടുക്കി വട്ടവടയിലെ പഴത്തോട്ടം എന്ന സ്ഥലത്ത് വെജിറ്റബിൾ അഗ്രോ പാർക്കും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**